**ഖത്തറിൽ അടുത്തയിടെ ഉണ്ടായ സംഭവവികാസങ്ങളെ തുടർന്നുള്ള ഇന്ത്യയുടെ ഔദ്യോഗിക പത്രക്കുറിപ്പ്**

ജൂൺ 10, 2017

കിംഗ്ഡം ഓഫ് സൌദിഅറേബ്യയും മറ്റ് ചില രാജ്യങ്ങളും സ്റ്റേറ്റ് ഓഫ് ഖത്തറുമായി നയതന്ത്ര ബന്ധങ്ങൾ വിച്ഛേദിച്ചതിനെ തുടർന്ന് ഗൾഫ് മേഖലയിൽ ഉരുത്തിരിഞ്ഞ സ്ഥിതിവിശേഷങ്ങളെ ഞങ്ങൾ വളരെ അടുത്ത് നിരീക്ഷിച്ച് വരുന്നു.

മറ്റു രാജ്യങ്ങളുടെ ആഭ്യന്തര കാര്യങ്ങളിലിടപെടാതിരിക്കൽ , പരമാധികാരം , പരസ്പര ബഹുമാനം തുടങ്ങിയ വളരെ അംഗീകൃതമായ അന്താരാഷ്ട്ര തത്വങ്ങളിൽ ,അടിസ്ഥാനമാക്കി സമാധാനപരമായ ചർച്ചകളിലൂടെയും ക്രിയാത്മകമായ സംഭാഷണങ്ങളിലൂടെയും എല്ലാ കക്ഷികളും അവരുടെ അഭിപ്രായ വ്യത്യാസങ്ങൾ പരിഹരിക്കണം എന്നതാണ് ഞങ്ങളുടെ അഭിപ്രായം

മേഖലയിലെ രാജ്യങ്ങളിൽ പുരോഗതിയും അഭിവൃദ്ധിയും തുടരുവാൻ ഗൾഫി ലെ സമാധാനവും സുരക്ഷയും പരമപ്രധാനമായതാണ് എന്ന് ഇന്ത്യ വിശ്വസിക്കുന്നു . അന്താരാഷ്ട്ര തീവ്രവാദം , അക്രമം നിറഞ്ഞ മൌലികവാദം മതപരമായ അസഹിഷ്ണുത എന്നിവ മേഖലയിലെ സ്ഥിരതക്കു മാത്രമല്ല ആഗോള സമാധാനത്തിനും സ്ഥിതിക്കും കൊടും ഭീഷണിയാണ് , അതിനെ വളരെ ഏകോപിതമായതും സമഗ്രവുമായ രീതിയിൽ എല്ലാ രാജ്യങ്ങളും നേരിടേണ്ടതാണ്

ജിസിസി രാജ്യങ്ങളുമായിട്ടുള്ള ഇന്ത്യയുടെ സൌഹൃദം കാലം തെളിയിച്ചിട്ടുള്ളതാണ് . എട്ട് ദശലക്ഷത്തോളം ഇന്ത്യൻ പ്രവാസികൾ ഈ രാജ്യങ്ങളിൽ എല്ലാം ജീവിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്നതിനാൽ മേഖലയിലെ സമാധാനത്തിലും സുസ്ഥിരതയിലും ഞങ്ങൾക്കും പ്രധാന പങ്കുണ്ട്

ഈ പശ്ചാത്തലത്തിൽ ഗവൺമെന്റ് സ്ഥിതിവിശേഷങ്ങളെ വളരെ അടുത്തു നിരീക്ഷിക്കുകയാണ് , അതോടൊപ്പം മേഖലയിലെ രാജ്യങ്ങളുമായി നിരന്തരം ബന്ധപ്പെടുന്നുമുണ്ട് . അവരുടെ

അതോറിറ്റികൾ അവിടെ ഉള്ള ഇന്ത്യൻ സമൂഹത്തിന്റെ ക്ഷേമത്തിലും സുരക്ഷയിലും പിന്തുണ നൽകുന്നത് തുടരുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്

സ്ഥിതിവിശേഷങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങളെ തുടർന്ന് വരുന്ന സംഭവങ്ങളിൽ ഉപദേശങ്ങൾ, സഹായം എന്നിവ ആവശ്യമുള്ളപ്പോൾ ഇന്ത്യൻ സ്ഥാനപതി കാര്യാലയം അല്ലെങ്കിൽ കോൺസുലേറ്റുമായി ബന്ധപ്പെടാൻ മേഖലയിലെ ഇന്ത്യക്കാരായ പ്രവാസികളോട് നിർദേശിച്ചിട്ടുണ്ട്

ന്യൂഡെൽഹി
10 ജൂൺ 2017